**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

എളയാവൂർ ഗ്രാമപഞ്ചായത്ത് അംഗമായിരുന്ന ശ്രീ. എൻ. പി. നാരായണന് ചികിത്സാ സഹായം ടിയാന്റെ ഭാര്യ ശ്രീമതി ഗീത പി. പി ക്ക് അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇഎം) വകുപ്പ്

**G.O.(Rt)No. 454/2017/LSGD** തിരുവനന്തപുരം,തീയതി, 17/02/2017

---

പരാമർശം:- 1. 01/06/2015 ലെ സ.ഉ (സാധാ) നം.1637/2015/തസ്വഭവ ഉത്തരവ്.

2. എളയാവൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 10/04/2015 ലെ എ-70/2015 നമ്പർ കത്ത്.

3. 02/03/2016 ലെ സ.ഉ (സാധാ)നം.1009/2016/തസ്വഭവ ഉത്തരവ്.

4. എളയാവൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 03/10/2015 ലെ എ-4879/2015 നമ്പർ കത്ത്.

5. കണ്ണൂർ കോർപറേഷൻ സോണൽ ഓഫീസറുടെ 16/01/2016 ലെ എ/7398/15(1) നമ്പർ കത്ത്

**<u>ഉത്തരവ്</u>**

എളയാവൂർ ഗ്രാമപഞ്ചായത്ത് അംഗമായിരുന്ന ശ്രീ.എൻ.പി.നാരായണൻ വൃക്കരോഗബാധിതനായി ചികിത്സയിലായിരുന്നതിനാൽ ടിയാന്റെ കുടുംബത്തിന്റെ സാമ്പത്തിക ബുദ്ധിമുട്ട് പരിഗണിച്ച് എളയാവൂർ പഞ്ചായത്ത് ഭരണസമിതിയുടെ 04.02.2015 തീയതിയിലെ 18/2015(4) നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (1) ഉത്തരവു പ്രകാരം ചികിത്സാചെലവിന്റെ പകുതിയായ 21,600/- രൂപ ടിയാന്റെ പേരിൽ പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നൽകിയിരുന്നു.

2) ഇതേ അസുഖത്തിന്റെ തുടർ ചികിത്സക്കായി 10.01.2015 മുതൽ 21.03.2015 വരെയുള്ള കാലയളവിൽ ടിയാന് ചെലവായ 1,89,158/- രൂപ അനുവദിക്കണമെന്നാവശ്യപ്പെട്ട് എളയാവൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരാമർശം(2) പ്രകാരംവീണ്ടും അപേക്ഷ സമർപ്പിക്കുകയും ശ്രീ.എൻ.പി.നാരായണൻ 08.09.2015-ന് ഇതേ അസുഖത്തിന്റെ തുടർന്ന് മരണപ്പെടുകയും ചെയ്തതിനാൽ മാനുഷിക പരിഗണന വച്ച് പ്രത്യേക കേസായി പരിഗണിച്ച്പരാമർശം (3) ഉത്തരവ് പ്രകാരം ടിയാന് ചികിത്സാർത്ഥം ചെലവായ 1,89,158/- രൂപയുടെ 50% പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും ടിയാന്റെ ഭാര്യ ശ്രീമതി ഗീത പി. പിയുടെ പേരിൽ അനുവദിക്കുന്നതിന് അനുമതി നൽകിയിരുന്നു.

3) തുടർന്ന് 25/03/2015 മുതൽ ശ്രീ.എൻ.പി.നാരായണൻ മരണപ്പെട്ട കാലയളവു വരെയുള്ള ചികിത്സാ ചെലവിനായി ടിയാന്റെ ഭാര്യ പഞ്ചായത്ത് ഭരണ സമിതിക്ക് അപേക്ഷ സമർപ്പിക്കുകയും അതിന്മേൽ 03.10.2015-ന് പഞ്ചായത്ത് ഭരണസമിതി അംഗീകാരം നൽകി തീരുമാനം കൈക്കൊള്ളുകയും ചെയ്തിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ടിയാന് ചികിത്സാർത്ഥം ചെലവായ തുക പഞ്ചായത്തിന്റെ തനതുഫണ്ടിൽ നിന്നും ടിയാന്റെ ഭാര്യ ശ്രീമതി ഗീത പി.പി.യുടെ പേരിൽ അനുവദിക്കുന്നതിന് അനുമതി നൽകണമെന്ന് സോണൽ ഓഫീസർ, കണ്ണൂർ കോർപറേഷൻ സോണൽ ഓഫീസ്,എളയാവൂർ,സൂചന(5)പ്രകാരംഅപേക്ഷ

സമർപ്പിച്ചിട്ടിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എളയാവൂർ ഗ്രാമപഞ്ചായത്ത് അംഗമായിരുന്ന ശ്രീ.എൻ.പി.നാരായണൻ വൃക്കരോഗബാധിതനായി ചികിത്സയിലായിരിക്കെ 08.09.2015ൽ മരണപ്പെട്ടു പോയതിനാൽ മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിൽ ശ്രീ.എൻ.പി.നാരായണന് ചികിത്സാ സഹായമായി 50000 /- രൂപ (അമ്പതിനായിരം )രൂപ ടിയാന്റെ ഭാര്യ ശ്രീമതി ഗീത പി.പി യുടെ പേരിൽ പഞ്ചായത്തിന്റെ തനതുഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

VIJAYAKUMAR T P

SPECIAL SECRETARY

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
സോണൽഓഫീസർ,കണ്ണൂർകോർപറേഷൻസോണൽഓഫീസ്,എളയാവൂർ,കണ്ണൂർ.
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടൻറ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ,ഇൻഫർമേഷൻ കേരള മിഷൻ
ഐ & പി ആർ (വെബ്&ന്യൂ മീഡിയ) വകുപ്പ്.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ